NewsLetter 2019

കേരള സർക്കാർ

# ലൈഫ് മിഷൻ

Livelihood Inclusion and Financial Empowerment

ലക്കം 1

## വാർത്താ പത്രിക

വാല്യം 1

AUGUST 2019





എഡിറ്റോറിയൽ

## നവകേരളത്തിനായി ലൈഫ് മിഷൻ



**ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. യു. വി. ജോസ് ഐ.എ.എസ്**

കേരള സംസ്ഥാന രൂപീകരണത്തിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് കേരള സർക്കാർ പ്രഖ്യാപിച്ച നവകേരളകർമ്മ പരിപാടികളിലെ നാല് മിഷനുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ലൈഫ് മിഷൻ. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഒട്ടേറെ ഭവനപദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിയൊഴികെ ഈ രംഗത്ത് സമഗ്രമായ ഒരു മാറ്റം ലക്ഷ്യമിടുന്ന പദ്ധതികളൊന്നും കേരളത്തിൽ നടപ്പാക്കിയിരുന്നില്ല. എടുത്ത് പറയാവുന്ന മറ്റൊരു പദ്ധതി എം.എൻ ലക്ഷം വീട് ഭവന പദ്ധതിയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം എങ്കിലും മിഷൻ നടത്തിയ സർവ്വെ പ്രകാരം അഞ്ചു ലക്ഷത്തിലധികം ഭവനരഹിതർ കേരളിത്തിലിപ്പോഴും ഉണ്ട് എന്നുള്ളത് ആശങ്കാജനകമാണ്. വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർ അതിലേറെ വരും. ഈ സാഹചര്യത്തിലാണ് ലൈഫ് മിഷൻ പ്രസക്തമാകുന്നത്. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.

നാല് ഘട്ടങ്ങളായാണ് ലൈഫ് മിഷൻ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നത്.

1. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം
2. ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണം
3. ഭൂരഹിത ഭവനരഹിതരുടെ ഭവനനിർമ്മാണം
4. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ



**പിണറായി വിജയൻ**
മുഖ്യമന്ത്രി
കേരള സർക്കാർ

### സന്ദേശം

വീടില്ലാത്തവർക്ക് അടച്ചുറപ്പുള്ള വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ലൈഫ് മീഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി, വിജയഗാഥകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഓൺലൈൻ ഒരു ദ്വൈമാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. 'ലൈഫ് മിഷൻ' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ ന്യൂസ് ലെറ്ററിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

The Chief Executive Officer
Life Mission, 2nd Floor, PTC Towers,
SS Kovil Road, Thampanoor, Tvpm

പിണറായി വിജയൻ

2000 - 01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യഥാർത്ഥ്യം ആക്കുകയെന്നതാണ് ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലക്ഷ്യമിട്ട വീടുകളുടെ എണ്ണം 54,349 ആയിരുന്നു. ഇതിൽ നാളിതുവരെ 662.55 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ട് 51,503 ഭവനങ്ങൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള 2846 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള ശ്രദ്ധയും ദുർബല വിഭാഗങ്ങൾക്ക് കൈത്താങ്ങും പ്രത്യേകമായി നൽകി മേൽപ്പറഞ്ഞ ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള തീവ്രശ്രമം നടന്നുവരുന്നു.

ലൈഫ് മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണമാണ് ഇപ്പോൾ പുരോഗമിച്ച് വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ നാളിതുവരെ 86,516 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും 30699 വീടുകൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമിയുള്ള ഭവനരഹിതരുടെ വീട് നിർമ്മാണത്തിനായി ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി നാളിതുവരെ 1500 കോടി രൂപയും എറണാകുളം ജില്ലാ സഹകരണ ബാങ്ക് മുഖേന ബ്രിഡ്ജ് ലോൺ വഴി 425 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനവിഹിതവുമുൾപ്പടെ 2268.90 കോടി രൂപയും PMAY(U)-ലൈഫ് നു വേണ്ടി ഹഡ്കോ മുഖേന 575 കോടി രൂപയും ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകിയിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ 2843.90 കോടിയോളം രൂപ ചെലവഴിച്ചുകഴിഞ്ഞു.

### മൂന്നാംഘട്ടം : ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം

ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസമാണ് ലക്ഷ്യമിടുന്നത്. 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതരായി 337416 കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇവരിൽ അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള രേഖാ പരിശോധനകൾ സോഫ്റ്റ് വെയർ മുഖേന നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ആയതിനായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖയും (ത.സ്വ.ഭ വകുപ്പിന്റെ 16.07.2019 ലെ സ.ഉ (കൈ) നം.92/2019-ാം നമ്പർ) പുനരധിവസിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതിയും (ത.സ്വ.ഭ വകുപ്പിന്റെ 18.07.2019 ലെ സ.ഉ (എം.എസ്) നം. 93/2019 നമ്പർ സർക്കാർ ഉത്തരവ്) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതർക്ക് ഭവനം നൽകുന്നതിനുവേണ്ടി സ്വന്തമായി ഭവനസമുച്ചയം നിർമ്മിക്കുന്നതിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവനം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനും സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് മൂന്ന് സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് പരമാവധി 2 ലക്ഷം രൂപ നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും ലൈഫ് ഭവനപദ്ധതിക്കായി മാറ്റിവെച്ചിട്ടുള്ള 20% തുക വിനിയോഗിക്കുന്നതിന് 06.06.019-ലെ ഡി.ബി1/167/2019/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതർക്ക് 2020 ഒക്ടോബറോടുകൂടി സംസ്ഥാനത്ത് 85 ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുവാനാണ് ലക്ഷ്യമിടുന്നത്. പൈലറ്റായി ഒരു ഭവനസമുച്ചയം ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾക്കും, 2 സുനാമി ഫ്ളാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

സഹകരണവകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്. ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള ക്യാബിനറ്റ് തീരുമാനത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പവർത്തികൾക്കായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന 85 ഭവനസമുച്ചയങ്ങളുംഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം തുടങ്ങുന്നതിനും 2020 ഒക്ടോബർ 31-ഓടുകൂടി നിർമ്മാണം പൂർത്തിയാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. ചില ഭവനങ്ങൾ വാസയോഗ്യമാക്കാൻ കഴിയും. ചിലത് പൂർണ്ണമായും പുതിയതായി നിർമ്മിക്കേണ്ടി വരും. മിഷന്റെ നാലാംഘട്ടത്തിൽ ഈ പ്രവർത്തനം ഏറ്റെടുക്കാനാണ് ലക്ഷ്യമിടുന്നത്. സമഗ്രമായ ഒരു സർവ്വേയിലൂടെ വാസയോഗ്യമല്ലാത്ത വീടുകൾ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

### സാമ്പത്തികം, ജനകീയപങ്കാളിത്തം

ലൈഫ് മിഷൻ ലക്ഷ്യമിടുന്ന തരത്തിൽ കേരളത്തിലെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് 40000 കോടി രൂപയെങ്കിലും വേണ്ടിവരുന്നു. ഇത്രയധികം തുക ചുരുങ്ങിയ കാലയളവിൽ കണ്ടെത്തുക കേരളത്തെപോലെ ഒരു സംസ്ഥാനത്ത് ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് വിവിധ ഘട്ടങ്ങളിലായി പ്രവർത്തനം ഏറ്റെടുക്കുന്നത്. കൂടാതെ പങ്കാളിത്തം ഉറപ്പാക്കി മാത്രമേ ഇത്രയും വലിയ ഒരു ലക്ഷ്യത്തിലേക്ക് നമുക്ക് എത്താനാകൂ. മിഷന്റെ രണ്ടു വർഷത്തെ പ്രവർത്തനത്തിലൂടെ എല്ലാവർക്കും പാർപ്പിടം എന്നത് സമൂഹത്തിന്റെ അവകാശമാണെന്നും അക്കാര്യത്തിൽ സർക്കാരിന് മാത്രമല്ല സമൂഹത്തിന്റെ എല്ലാ തട്ടിലും ഉള്ള വർക്കും ബാധ്യതയുണ്ടെന്നുമുള്ള ഒരു പൊതുബോധത്തിലേക്ക് സമൂഹത്തെ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഒട്ടേറെ സംഘടനകളും വ്യക്തികളും സ്ഥാപനങ്ങളും മിഷന്റെ ഒന്നും രണ്ടും ഘട്ടത്തിൽ ഇടപെട്ട് ഈ ദൗത്യത്തിൽ പങ്കാളികളായിട്ടുണ്ട്. കെ.ജി.ഒ.എ-യുടെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് 9 വീടുകൾ നിർമ്മിച്ചു നല്കുന്നു എന്നുള്ളതും ഈ പൊതുബോധത്തിന് മറ്റൊരു ഉദാഹരണമാണ്. സർക്കാർ ഫണ്ടും, സർക്കാർ വായ്പയെടുത്തു നൽകുന്ന തുകയും, തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം എന്നിവ കൂടാതെ എം.പി/എം.എൽ.എ ഫണ്ട് സി.എസ്.ആർ ഫണ്ട്, വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങയവയുടെ ഇടപെടൽ എന്നിവ ഉപയോഗിച്ച് പൊതുസമൂഹത്തിന്റെ നേതൃത്വത്തിൽ മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമായി ഏറ്റെടുക്കുന്നതോടെ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ 'ഭവനരഹിതരില്ലാത്ത കേരളം' എന്ന വലിയ ലക്ഷ്യം നമുക്ക് നേടാനാകും അതിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു. ●



**ശ്രീ. എ.സി. മൊയ്തീൻ**
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
കേരള സർക്കാർ

## സന്ദേശം

ലൈഫ് ഭവന പദ്ധതിയിലൂടെ ഈ സർക്കാർ വിഭാവനം ചെയ്തത് കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വാസസ്ഥലം ലഭ്യമാക്കുക എന്നതും അതിനോടൊപ്പം അവർക്ക് മികച്ച ജീവിത നിലവാരം ലഭ്യമാക്കുക എന്നതുമായിരുന്നു. ഒന്നാം ഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്തത് പല ഭവന പദ്ധതികളിലായി പൂർത്തിയാകാതെ കിടന്നിരുന്ന വീടുകളുടെ പൂർത്തീകരണമാണ്. ഇത്തരത്തിൽ കണ്ടെത്തിയ 54,349 വീടുകളിൽ 51,503 വീടുകൾ മിഷൻ പൂർത്തിയാക്കിക്കഴിഞ്ഞു.

സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർക്ക് വീട് വച്ച്കൊടുക്കുക എന്നതായിരുന്നു മിഷൻ ഏറ്റെടുത്ത രണ്ടാമത്തെ ദൗത്യം. ഇത്തരത്തിലുള്ള 1,84,255 ഗുണഭോക്താക്കളെ സർവ്വേയിലൂടെ കണ്ടെത്തുകയും അവരുടെ എല്ലാ രേഖകളുടേയും പരിശോധന നടത്തി അതിൽ നിന്നും 98,270 പേരെ അർഹരായി കണ്ടെത്തി അവരിൽ 86,372 വീട് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വീടുകളുടെയെല്ലാം നിർമ്മാണം അടുത്ത 5 മുതൽ 6 മാസങ്ങളിൽ പൂർത്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ഹഡ്കോയിൽ നിന്നും 4000 കോടി രൂപ വായ്പയും ലഭ്യമാക്കിയിട്ടുണ്ട്.

ലൈഫ് മിഷന്റെ മൂന്നാംഘട്ടവും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. വീടും സ്ഥലവും ഇല്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുക എന്നതാണ് മൂന്നാംഘട്ടം. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഒരു പൈലറ്റ് ഭവന സമുച്ചയം 163 കുടുംബങ്ങൾക്കായി കൈമാറിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുവാൻ മിഷൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അവിടെയും സമയബന്ധിതമായി തന്നെ സമുച്ചയങ്ങളുടെ നിർമ്മാണം മിഷൻ പൂർത്തിയാക്കും.

ഈയൊരു ഘട്ടത്തിലാണ് ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി, വിജയഗാഥകൾ, ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ന്യൂസ് ലെറ്റർ പുറത്തിറക്കാൻ തീരുമാനിച്ചത്. ലൈഫ് ഭവന പദ്ധതിയുടെ എല്ലാ വിവരങ്ങളും! ഉൾക്കൊള്ളിച്ചുകൊണ്ട് പുറത്തിറക്കുന്ന ഈ ന്യൂസ് ലെറ്റർ പദ്ധതിയെ സംബന്ധിച്ച പൂർണ്ണ വിവരം ജനങ്ങൾക്ക് നൽകുന്നതിന് ഉപകാരപ്പെടും. ലൈഫ് ന്യൂസ് ലെറ്ററിന് എല്ലാ ആശംസകളും നേരുന്നു.

The Chief Executive Officer
Life Mission, 2nd Floor, PTC Towers,
SS Kovil Road, Thampanoor, Tvpm

എ.സി. മൊയ്തീൻ



**ശ്രീ. ചെറിയാൻ ഫിലിപ്പ്**
കോർഡിനേറ്റർ
നവകേരള കർമ്മപദ്ധതി

## സന്ദേശം

### പുതിയ ജീവിതത്തിലേക്ക്

കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വസിക്കാൻ സ്വന്തമായി പാർപ്പിടം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ ആരംഭിച്ചത്. വിവിധ ഭവന പദ്ധതികളിലായി ആവിഷ്കരിച്ചതും വർഷങ്ങളായി പൂർത്തീയാക്കാൻ കഴിയാത്തതുമായ അരലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കി വാസയോഗ്യമാക്കിയതാണ് ലൈഫ് മിഷന്റെ ആദ്യഘട്ട നേട്ടം.

സ്വന്തമായി ഭൂമിയുണ്ടെങ്കിലും വീടില്ലാത്ത കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയുടെ സഹായധനം നൽകി വീടുകൾ നിർമ്മിക്കുന്നതിനുള്ള രണ്ടാംഘട്ട പദ്ധതി ഈ വർഷം തന്നെ പൂർത്തിയാകും.

സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ ആരംഭിക്കും. ലൈഫ് മിഷനിലൂടെ സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യം നടപ്പിലാക്കാനും ഒരു സാമൂഹ്യ വിപ്ലവം സാധ്യമാക്കാനും രണ്ട് വർഷത്തിനകം കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പാർപ്പിടം നൽകുന്നതിനോടൊപ്പം ഉപഭോക്താക്കളുടെ ജീവിതയോജനത്തിന് അനുയോജ്യമായ കർമ്മപദ്ധതികളും കൂടി ഉൾപ്പെട്ടതാണ് ലൈഫ് മിഷൻ ദൗത്യം. നവകേരളം കെട്ടിപ്പൊക്കാനുള്ള കേരള സർക്കാരിന്റെ ഉദ്യമങ്ങളിലെ പ്രധാന ഇനമായി ലൈഫ് പദ്ധതിയെ കണക്കാക്കാം.

The Chief Executive Officer
Life Mission, 2nd Floor, PTC Towers,
SS Kovil Road, Thampanoor, Tvpm

ചെറിയാൻ ഫിലിപ്പ്

# ഇടുക്കി ജില്ലയിലെ ഭൂരഹിത ഭവനരഹിതരായ 217 കുടുംബങ്ങൾക്ക് ലൈഫ് മിഷന്റെ ഭവന സമുച്ചയം

അടിമാലി : ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടം ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുക എന്നുള്ളതാണ്. ഇതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ അടിമാലി പഞ്ചായത്തിൽ നിർമ്മിച്ച ഭവന സമുച്ചയത്തിലേക്ക് ആദ്യ ഘട്ടത്തിൽ 165 ഭൂരഹിത ഭവനരഹിതരാണ് താമസിക്കുവാൻ എത്തിയിട്ടുള്ളത്. വർഷങ്ങളായി സ്വന്തമായൊരു വീട് ഇല്ലാതെ പുറമ്പോക്കിലും വാടകവീടുകളിലും ബന്ധുവീടുകളിലും അന്തിയുറങ്ങിയിരുന്നവരാണ് ഈ ഭവന സമുച്ചയത്തിന്റെ ഉടമകളായി മാറിയത്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീനാണ് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയത്. അടിമാലി മച്ചിപ്ലാവിൽ ഇരുന്നൂറേക്കർ മെഴുകുംചാൽ പാതയോരത്താണ് ഈ ഭവന സമുച്ചയം. ആറ് നിലകളോടെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ 217 ഫ്ളാറ്റുകളാണ് ഉള്ളത്. രണ്ട് കിടപ്പുമുറി, അടുക്കള, ഹാൾ ഉൾപ്പെടെ 460 ച.അടി വിസ്തീർണ്ണം ഓരോ ഫ്ളാറ്റിനുമുണ്ട്. മാലിന്യസംസ്ക്കരണത്തിനായി 12 ലക്ഷം രൂപ മുടക്കി പഞ്ചായത്ത് എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ്, ഫ്ളാറ്റിലേക്ക് 10.50 ലക്ഷം രൂപ ചെലവിൽ റോഡും നിർമ്മിച്ചിട്ടുണ്ട്. ആരോഗ്യ ഉപകേന്ദ്രം, അങ്കണവാടി, ലൈബ്രറി, തൊഴിൽ പരിശീലന കേന്ദ്രം, കളിസ്ഥലം, കുട്ടികൾക്ക് പഠിക്കുന്നതിനുള്ള പ്രത്യേക ഇടം എന്നിവയും സമുച്ചയത്തോടനുബന്ധിച്ച് ഉണ്ട്. താമസക്കാർക്ക് സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ആദ്യം തയ്യൽ കേന്ദ്രം ഉടൻ ആരംഭിക്കും.



## പ്ളാസ്റ്റിക്ക് ഷെഡിൽ നിന്നും സ്വപ്ന ഭവനത്തിലേക്ക്



മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ഒരു പ്ലാസ്റ്റിക്ക് ഷെഡിലാണ് ചെമ്പൻകുഴിയിൽ ഹക്കീമും കുടുംബവും താമസിച്ചിരുന്നത്. കൂലിപ്പണിക്കാരനായ ഹക്കീമിന് അടച്ചുറപ്പുള്ള ഒരു വീടെന്നത് ഒരു സ്വപ്നം മാത്രമായിരുന്നു. തന്റെ ദിവസക്കൂലിയിൽ നിന്നും സ്വരൂപിച്ച പണം ഉപയോഗിച്ച് ഒരു അടിത്തറ പണിതെങ്കിലും അതിനു മുകളിൽ തന്റെ സ്വപ്ന കൂട് പണിയാൻ സാമ്പത്തിക ശേഷിയില്ലാത്തതിനാൽ കഴിഞ്ഞില്ല. കാറ്റിലും മഴയിലും തങ്ങളുടെ പൊന്നോമനകളെ മാറോടണച്ചു കണ്ണുനീർ വാർക്കുവാനേ നുസ്രത്തിനും ഹക്കീമിനും കഴിഞ്ഞുള്ളൂ. ആ സമയത്താണ് കേരള സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കാൻ അവസരം ലഭിച്ചത്. ഇപ്പോൾ വീടിന്റെ എല്ലാ പണികളും പൂർത്തീകരിച്ചു. എടപ്പറ്റ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ചാലിൽ ഫാത്തിമ എടപ്പറ്റ വി.ഇ.ഒ മാരുടെ സാന്നിധ്യത്തിൽ ഹക്കീമിനും കുടുംബത്തിനും വീടിന്റെ താക്കോൽ കൈമാറി. ഹക്കീമും കുടുംബത്തിനും ഇനി കാറ്റിനെയും മഴയെയും ഭയപ്പെടാതെ അന്തിയുറങ്ങാം.

## ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

**ലൈഫ് വിജയഗാഥ – ലക്ഷ്മി വേലായുധൻ,വട്ടേക്കാട് വീട്, കടപ്പുറം**

തൃശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ സാമ്പത്തിക ശേഷിയില്ലാത്ത ഒരു കുടുംബമാണ് ലക്ഷ്മി വേലായുധന്റേത്. കടപ്പുറം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ പെൺകുട്ടികൾ മാത്രമുള്ള ഒരു കുടുംബമാണ് ഇവരുടേത്. പ്രാരാബ്ധങ്ങൾ കാരണം ഇവരുടെ ജീവിതം ദുസ്സഹമായിരുന്നു. മൂന്നടി വീതിയുള്ള ചെറിയ വഴിയിലൂടെയാണ് വീടുപണിക്കാവശ്യമായ സാധനങ്ങൾ തലചുമടായും ചെറിയ വണ്ടിയിലുമായി എത്തിച്ചിരുന്നത്. ഇതിനു വേണ്ടി അധികതുക ചിലവായതിനാൽ വീടുപണി പൂർത്തീകരിക്കാതെ കിടന്നു.

സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് ഭവനപദ്ധതി പ്രകാരം മുടങ്ങി കിടന്നിരുന്ന ലക്ഷ്മി വേലായുധന്റെ വീട് പണി തുടരാൻ കഴിഞ്ഞു. ലൈഫ് പദ്ധതിയെ പറ്റി വി.ഇ.ഒ ഇവരെ ബോധ്യപ്പെടുത്തുകയും ആനുപാതിക വർദ്ധനവിലൂടെ വീടിന്റെ പണി ഘട്ടം ഘട്ടമായി പൂർത്തീകരിക്കുകയും ചെയ്തു. കൃത്യമായ ഇടപെടലുകളുടേയും സൂക്ഷ്മപരിശോധനയുടേയും അടിസ്ഥാനത്തിൽ കുടിലിൽ കഴിഞ്ഞിരുന്ന ലക്ഷ്മിക്ക് സ്വപ്ന സാഫല്യമായി സുന്ദരഭവനം ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ പൂർത്തിയാക്കി താമസം തുടങ്ങുകയും ചെയ്തു. ഇതിന്റെ സന്തോഷവും സംതൃപ്തിയും വിവരണങ്ങൾക്ക് അതീതമാണെന്ന് ലക്ഷ്മിയും കുടുംബവും സാക്ഷ്യപ്പെടുത്തുന്നു.



# ലൈഫ് മിഷൻ വിജയഗാഥ – കൊല്ലം

## സുഷമയുടെ സ്വപ്നം നിറവേറ്റി ലൈഫ് മിഷൻ

കൊല്ലം ജില്ലയിൽ ഇളമാട് ഗ്രാമപഞ്ചായത്തിൽ പാറങ്കോട് വാർഡിൽ, ഞാറയ്ക്കാടു കോളനിയിലെ ലൈഫ് രണ്ടാംഘട്ട ഗുണഭോക്താവാണ് ശ്രീമതി സുഷമ. ആകെയുള്ള 16 സെന്റ് വസ്തുവിൽ താൽക്കാലികമായുണ്ടാക്കിയ ഷെഡ് എന്ന് വിളിക്കാവുന്ന ഒറ്റമുറി വീട്ടിലായിരുന്നു പ്ലസ്ടു വിദ്യാർത്ഥിയായ ഏക മകനൊപ്പം ഇവർ കഴിഞ്ഞിരുന്നത്.

ഭർത്താവിന്റെ മരണശേഷം കുടംബം പോറ്റാനായി ഒരു സ്ഥാപനത്തിൽ താൽക്കാലിക ജോലി ചെയ്തു വന്നിരുന്ന ഇവർക്ക് തന്റെ തുച്ഛമായ ശമ്പളത്തിൽ നിന്നും മിച്ചം പിടിച്ച് പുതിയ വീട് വെയ്ക്കുന്നതിന് കഴിയുമായിരുന്നില്ല. ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാനായത് സുഷമയുടെ ജീവിതത്തിലെ മനോഹരമായ ഒരു വഴിത്തിരിവായിരുന്നു. ഗഡുക്കളായി കിട്ടിയ 4 ലക്ഷം രൂപയും ഫലപ്രദമായി ചെലവഴിച്ച്കൊണ്ട് 420 സ്ക്വയർഫീറ്റിൽ സമയബന്ധിതമായും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചും സുഷമയ്ക്ക് വീടുപണി പൂർത്തീകരിക്കാൻ കഴിഞ്ഞു. വീടുപണി ഏറ്റെടുത്ത കോൺട്രാക്റ്ററും, ബന്ധുജനങ്ങളും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നന്നായി സഹകരിച്ചതിനാൽ പ്രതീക്ഷിച്ചതിലും ഭംഗിയായി വീടുപണി പൂർത്തിയായി.

എം.ജി.എൻ.ആർ.ഇ.ജി.എസിൽ ഉൾപ്പെടുത്തി 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ കൃത്യമായി ലഭ്യമായത് ഒരു അധിക ധനസഹായമായി. കോഴിക്കൂട്, കിണർ റീചാർജ്ജിങ്ങ് തുടങ്ങി അധിക സഹായങ്ങളും സുഷമയ്ക്ക് ലഭ്യമാക്കുന്നതാണ്.

വീടിന്റെ മുഴുവൻ പണികളും പൂർത്തിയാക്കാൻ സാധിച്ചതിൽ സുഷമ തൃപ്തയും സന്തോഷവതിയുമാണ്. ടോയ്ലറ്റ് ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വീടിനുള്ളിലുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ അലട്ടുന്നുണ്ടെങ്കിലും അടച്ചുറപ്പുള്ള സ്വന്തമായ വീടെന്നുള്ള തന്റെ സ്വപ്നം കേരള സർക്കാരിന്റെ ലൈഫ് പദ്ധതിയിലൂടെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു സുഷമയ്ക്കും കുടുംബത്തിനും.





*ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്നതിന് മുൻപും ശേഷവും സുഷമയുടെ വീട്*



**ലൈഫ് മിഷൻ ദ്വൈമാസികയുടെ തുടർന്നുവരുന്ന പ്രസിദ്ധീകരണങ്ങളിലേക്ക് ക്രിയാത്മകവും ആകർഷകവുമായ രചനകൾ അയക്കേണ്ട വിലാസം:**

Editor, Life mission Newsletter, LIFE Mission,
2nd Floor, PTC Tower, SS Kovil Road, Thampanoor,
Thiruvananthapuram - 695 001.
lifemissionkerala@gmail.com



# ലൈഫ്മിഷൻ – റീബിൽഡ്

2018 – കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ കേളം കണ്ട ഏറ്റവും വലിയ പ്രളയ ദുരിതം, 1924 ന് ശേഷം ഉണ്ടായ ഏറ്റവും വലിയ പ്രളയമായിരുന്നു. കേരളത്തിന്റെ 54 ഡാമുകളിൽ 35 എണ്ണവും ചരിത്രത്തിൽ ആദ്യമായി തുറക്കേണ്ടി വന്ന സമയം ശക്തമായ പേരമാരിമൂലം കേരളം ജലപ്രളയത്തിലായി. വയനാട്, ഇടുക്കി തുടങ്ങിയ മലയോര ജില്ലകളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും കൊണ്ട് ഭീകരമായി. പക്ഷേ അതിർദുർഘടമായ ഈ പ്രതിസന്ധികളിൽ നിന്നും കേരളം മുക്തിനേടിയത് ലോകശ്രദ്ധ പിടിച്ചുപറ്റി.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങിയ ഉടൻതന്നെ സർക്കാർ ഈ പ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനും പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിത്തുടങ്ങി. അങ്ങനെയാണ് പ്രളയത്തിൽ പൂർണമായും നശിച്ച വീടുകളുടെ പുനർനിർമാണ പുരോഗതി സുഗമമാക്കുന്നതിനും ഇതിന്റെ മോണിറ്ററിങ്ങിനും റിപ്പോർട്ടിങ്ങിനുമായി കേരളത്തിലെ സമ്പൂർണ പാർപ്പിട പദ്ധതി പരിപാടി നടപ്പിലാക്കുന്ന ലൈഫ് മിഷനെ ചുമതലപ്പെടുത്തുന്നത്. തുടർന്ന് സംസ്ഥാന ലൈഫ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ലൈഫ് മിഷൻ ഓഫീസിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും പ്രളയബാധിത ബ്ലോക്കുകളെ ഏകോപിപ്പിച്ചുകൊണ്ട് ഫെസിലിറ്റേഷൻ ഹബ്ബുകൾ ആരംഭിച്ചു. ഈ ഹബ്ബുകളിൽ സിവിൽ എൻജിനീയർമാർ ഉൾപ്പെടുന്ന ഒരുടീമിനെ നിയോഗിക്കുകയും പ്രളയത്തിൽ പൂർണമായും തകർന്ന വീടുകളുടെ പുനർനിർമാണ പ്രക്രിയ സുതാര്യവും സുഗമവും ആക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഈ ഹബ്ബുകൾ വഴി പ്രളയത്തിൽ പൂർണമായി തകർന്ന വീടുകളുടെ സ്ഥലങ്ങൾ/വീടുകൾ നേരിട്ട് സന്ദർശിച്ച് പുനർനിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തി പ്രത്യേകം തയ്യാറാക്കിയ മൊബൈൽ അപ്ലിക്കേഷനിൽ രേഖപ്പെടുത്തും. പുനർനിർമാണം നടക്കുന്ന വീടുകളുടെ ഫോട്ടോ ഉൾപ്പെടെയാണ് ഈ മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നത്.

ഇത് സർക്കാരിന് കൃത്യമായി ഈ പുനർനിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട ശ്രദ്ധ ആവശ്യമുള്ള മേഖലയിൽ നൽകുന്നതിനും സഹായകമാകുന്നു.

റീബിൽഡ് ഫെസിലിറ്റേഷൻ ഹബ്ബുകളുടെ ലക്ഷ്യം

- പൂർണമായി തകർന്ന വീടുകളുടെ പുനർനിർമാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുക.
- പുനർനിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മറ്റു ഏജൻസികളിൽ നിന്നും ഉത്തരവ്, അനുമതി എന്നിവ വാങ്ങുക.
- കുറഞ്ഞ വേതനത്തിൽ വീട് നിർമാണത്തൊഴിലാളികളും/കുറഞ്ഞ വിലയിൽ സാധനങ്ങളും ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ കാണുക.
- കെട്ടിട നിർമാണത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യയും സാധനങ്ങളെയുംക്കുറിച്ച് ഉപഭോക്താവിന് ഉപദേശം നൽകുക.
- പ്രകൃത്യയോജ്യമായ കെട്ടിട നിർമാണത്തെക്കുറിച്ച് ഗുണഭോക്താക്കൾക്ക് അറിവ് നൽകുക.

കേരളത്തിൽ 15521 വീടുകളാണ് പ്രാഥമിക കണക്ക് പ്രകാരം പൂർണമായി നശിച്ചത്. ഇതിന്റെ പുനർനിർമാണത്തിനായി നാല് ലക്ഷം രൂപയാണ് സർക്കാർ ധനസഹായമായി നൽകുന്നത്. ഈ ഫണ്ട് 25 ശതമാനം വീടുപണി ആരംഭിക്കുന്നതിനും ഫൗണ്ടേഷൻ പൂർത്തീകരിച്ചാൽ 50 ശതമാനവും ലിന്റൻ വാർത്തതിനുശേഷം 25 ശതമാനം എന്ന രീതിയിലുണ്ട് ഗുണഭോക്താവിന് നൽകുന്നത്. പല കമ്പനികളും നിർമാണ സാമഗ്രികൾ 20 മുതൽ 60 ശതമാനം വരെ വിലകുറച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സർക്കാരിന്റെ ഇടപെടൽ ശക്തമായി ഉണ്ടായിട്ടുണ്ട്.

ലൈഫ് മിഷൻ റീബിൽഡ് ഫെസിലിറ്റേഷൻ ഹബ്ബുകൾ വഴി ഇതിനോടകം 13548 വീടുകൾ നേരിട്ട് സന്ദർശനം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| വീടുപണി തുടങ്ങിയത് | 11167 |
| ഫൗണ്ടേഷൻ പൂർത്തിയായത് | 10210 |
| ലിന്റൻ തീർന്നത് | 8602 |
| റൂഫിങ് തീർന്നത് | 7409 |
| പൂർത്തീകരിച്ചത് | 4131 |
| താമസം ആരംഭിച്ചത് | 2314 |



പ്രളയ പുനർനിർമാണത്തിന്റെ ഭാഗമായി കേരളത്തിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് യു. എ. ഇ റെഡ് ക്രസ്റ്റ് അതോറിറ്റി സംസ്ഥാന സർക്കാരുമായി ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കൈമാറുന്നു. ലൈഫ് മിഷൻ സി. ഇ. ഒ യു. വി. ജോസ് ഐ. എ. എസ്, റെഡ്ക്രസന്റ് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഫഹദ് അബ്ദുൾ റഹ്മാൻ ബിൻ സുൽത്താനുമായാണ് ധാരണാപത്രം ഒപ്പുവച്ചത്.

# ലൈഫ് മിഷൻ പ്രവർത്തനപുരോഗതി




വീടിന്റെ താക്കോൽ കൈമാറി



















നിർമ്മാണ സാധനസാമഗ്രികൾ വിലകുറച്ച് കൊടുക്കുന്നതിന്റെ കരാർ ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ലൈഫ് മിഷൻ സി.ഇ.ഒ യു.വി. ജോസ് ഐ.എ.എസ് കമ്പനികൾക്ക് കൈമാറുന്നു

# ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് വൻ വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ

ലൈഫ് ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ കൈത്താങ്ങ്. ലൈഫ് മിഷന്റെ രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്കായി നിർമ്മിക്കുന്ന വീടുകൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സാധന സാമഗ്രികൾ വാങ്ങുന്നതിന് കുറഞ്ഞ നിരക്കിൽ അവ ലഭ്യമാണ്. വീട് നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമായ റെഡിമെയ്ഡ് പെയിന്റ്, സാനിറ്ററി ഐറ്റംസ്, വാട്ടർ ടാങ്ക്, സ്റ്റീൽ, സിമന്റ്, ഇലക്ട്രിക്കൽ ഫിറ്റിംഗുകൾ, പൈപ്പ് ഫിറ്റിംഗുകൾ എന്നിവ വാങ്ങുന്നതിനായാണ് പ്രത്യേക വില നിശ്ചയിച്ചിരിക്കുന്നത്. സാനിറ്ററി ഫിറ്റിംഗ് രംഗത്തെ അതികായരായ സെറ, പ്യാരിവെയർ, ജീറ്റ് തുടങ്ങിയവരും പെയിന്റ് നിർമ്മാണ കമ്പനിയായ ഏഷ്യൻ പെയിന്റ്സും, നെറോലാക്ക് പെയിന്റ്സും ഇലക്ട്രിക്കൽ സാമഗ്രികളുടെ നിർമ്മാതാക്കളായ ലെഗ്രാന്റ്, വീ ഗാർഡ്, ബോൺട്ടൻ കേബിൾസ്, വിപ്രോ തുടങ്ങിയവരും സിമന്റ് നിർമ്മാണ കമ്പനിയായ മലബാർ സിമന്റ്സും, പൈപ്പ് നിർമ്മാണ സ്ഥാപനമായ സുപ്രീം ഇൻഡസ്ട്രീസുമാണ് ഏറ്റവും വിലക്കുറവിൽ സാധന സാമഗ്രികൾ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

നിർമ്മാണ സാധനസാമഗ്രികൾ വിലകുറച്ച് കൊടുക്കുന്നതിന്റെ കരാർ ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ സാന്നിധ്യത്തിൽ ലൈഫ് മിഷൻ സി.ഇ.ഒ ശ്രീ.യു.വി. ജോസ് കമ്പനികൾക്ക് കൈമാറി. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എ.സി.മൊയ്തീൻ, തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ ടി കെ ജോസ്, നവകേരളം കർമ്മപദ്ധതി കോഡിനേറ്റർ ശ്രീ ചെറിയാൻ ഫിലിപ്പ്, സംസ്ഥാന വികസന ഉപദേഷ്ടാവ് ശ്രീ രഞ്ജിത്ത് തുടങ്ങിയവരും ഈ ചടങ്ങിൽ സംബന്ധിച്ചു.

നിർമ്മാണ സാമഗ്രികൾ എല്ലാം തന്നെ ഗുണഭോക്താവിന് നേരിട്ട് അതിന്റെ വിലയും ഗുണനിലവാരവും പരിശോധിച്ച് ഉറപ്പിച്ച് തങ്ങൾ ലൈഫ് ഗുണഭോക്താവാണെന്ന് തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ നിന്നും വാങ്ങി അടുത്തുള്ള ഏജൻസികളിൽ സമർപ്പിച്ച് അവിടെ നിന്നും വാങ്ങുവാൻ സാധിക്കുന്നതരത്തിലുള്ള നടപടികളാണ് ലൈഫ് മിഷൻ സ്വീകരിച്ചിരുന്നത്. കേരളത്തിലെ എല്ലാ ജില്ലയിലേയും ലൈഫ് ഗുണഭോക്താക്കൾക്ക് ഈ സൗകര്യം വിനിയോഗിക്കാവുന്നതാണ്.

ലൈഫ് മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ ഗുണഭോക്താവിനും കലവറ വഴി നിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. കെട്ടിട നിർമ്മാണ രംഗത്ത് നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റത്തെ തുടർന്ന് സ്വന്തമായി ഒരു വീട് നിർമ്മിക്കുവാൻ ബുദ്ധിമുട്ടുള്ള സാധാരണക്കാർക്ക് ന്യായമായ വിലയിൽ, ഗുണനിലവാരമുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ന്യായവില വിപണന കേന്ദ്രമാണ് 'കലവറ'. 750 ച.അടിയോ അതിൽ താഴയോ തറവിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് സിമന്റ്, കമ്പി എന്നിവ 15% വരെ വില കുറച്ച് കലവറയിൽ നിന്നും ലഭ്യമാണ്. ഓരോ ഗുണഭോക്താവിനും പരമാവധി 50 ബാഗ് സിമന്റും 500 കിലോ കമ്പിയും ലഭിക്കുന്നതാണ്.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുമ്പോൾ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 90 തൊഴിൽ ദിനങ്ങൾ, സിമന്റ് ബ്ലോക്ക്, കട്ടിള ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ലൈഫ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന എല്ലാ സാധന സാമഗ്രികളുടെയും വിപണിയിലെ വിലയും ലൈഫ് ഗുണഭോക്താക്കൾക്ക് കൊടുക്കുന്ന വിലയും ഇവ ലഭിക്കുന്ന കേന്ദ്രങ്ങളും ലൈഫ് മിഷന്റെ വെബ് സൈറ്റായ www.lifemission.kerala.gov.inൽ ലഭ്യമാണ്.

എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ
യു.വി. ജോസ് IAS

പ്രസിദ്ധീകരണ ഏകോപനം
രാഹുൽ യു. എസ് (Prg. Manager)

ഉപദേശകസമിതി
കെ.പി. സാബുക്കുട്ടൻ നായർ (Dy.CEO)
ജയന്തൻ പി. എസ്. (Prg. Manager)
അജിത എസ്. (Prg. Manager)
ആർ. ശ്രീദേവി (Civil Engineer)

ഡി. ടി. പി.
ശ്രീജിത്ത് എസ്. ആർ.
വിറ്റോമാൻ എസ്. ആർ.



Published by Chief Executive Officer, LIFE Mission, 2nd Floor, PTC Towers, SS Kovil Road, Thampanoor - 695001. PH:0471 - 2335524